"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പത്തനംതിട്ട ചിറ്റാർ ഗ്രാമപഞ്ചായത്തിലെ ഔദ്യോഗിക വാഹനമായ KL-62-C-9582-നമ്പർ വാഹനത്തിന്റെ തകരാറ് പരിഹരിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡി.ബി.)വകുപ്പ്

സ.ഉ.(സാധാ) നം.1357/2025/LSGD തീയതി,തിരുവനന്തപുരം, 02-06-2025

---

പരാമർശം:- 1) ജി.ഒ (എം.എസ്) നം. 401/2018/ധന തീയതി 23/10/2018

2) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 15.10.2024-ലെ LSGD/PD/28371/2024-GEB2-നമ്പർ കത്ത്

ഉത്തരവ്

പത്തനംതിട്ട ജില്ലയിലെ ചിറ്റാർ ഗ്രാമപഞ്ചായത്തിലെ ഓദ്യോഗിക വാഹനമായ KL-62-C-9582-നമ്പർ വാഹനത്തിന്റെ തകരാറ് പരിഹരിക്കുന്നതിന് പൊതുമരാമത്ത് മെക്കാനിക്കൽ വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ 2,11,521/-രൂപയുടെ എക്കണോമി സർട്ടിഫിക്കറ്റും, എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റും സഹിതം ലഭ്യമാക്കിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ടി വാഹനത്തിന്റെ അടിയന്തര റിപ്പയറിംഗ് പ്രവൃത്തികൾ ചെയ്യുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശിത കത്ത് പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. പൊതുമരാമത്ത് മെക്കാനിക്കൽ വിഭാഗം ലഭ്യമാക്കിയ എക്കണോമി സർട്ടിഫിക്കറ്റിന്റെയും എസൻഷ്യാലിറ്റി സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ, വാഹനം കൃത്യമായി മെയിന്റനൻസ് നടത്തി പരിപാലിക്കേണ്ടതാണെന്ന നിർദ്ദേശത്തോടെ 2,11,521/ രൂപ ചിറ്റാർ ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും ചെലവഴിച്ച് KL-62-C 9582 നമ്പർ ഔദ്യോഗിക വാഹനം റിപ്പയറിംഗ് നടത്തുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി, ചിറ്റാർ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട.

അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്.(E:2982124/DEV-3/207/2024-Fin dated 22.03.2025)

കരുതൽ ഫയൽ.(DB2/779/2024-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 03-06-2025 17:39:37

സെക്ഷൻ ഓഫീസർ